ചരിത്രം

അബൂമാജിദ, കൊണ്ടോട്ടി

# കേരള മുസ്‌ലിംകളും പത്രപ്രവർത്തനവും

**കേരളമുസ്‌ലിംകൾ** അറബി-മലയാള ലിപിയിലും ഭാഷാലിപിയിലും അനേകം പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ പ്രഥമ പത്രമേതാണെന്നതിൽ അഭിപ്രായ ഐക്യമില്ല. 1880-ൽ സ്ഥാപിതമായ, മംഗലാപുരം ബാസൽ മിഷൻ പ്രസ്സിൽ മുദ്രണം ചെയ്തിരുന്ന 'മലയാളി' എന്ന മുസ്‌ലിംപത്രത്തിന്റെ ഒരു പ്രതി ഞാൻ കണ്ടിട്ടുണ്ട്. പത്രാധിപർ എൻ.എം അഹ്മദ്കുഞ്ഞ് എന്ന് യശഃശരീരനായ പി.എ സെയ്തുമുഹമ്മദ് രേഖപ്പെടുത്തി കാണുന്നു (*യുവകേരളം* വാരിക വാ. 1, ലക്കം 1). വളരെ വർഷങ്ങൾക്കു മുമ്പുതന്നെ പത്രപ്രവർത്തനരംഗത്ത് മുസ്‌ലിംകൾ താൽപര്യം കാണിച്ചിരുന്നു. തദ്ഫലമായി ഏതാനും വാരികകളും മാസികകളും ദിനപത്രങ്ങൾ തന്നെയും പുറത്തിറങ്ങുകയുണ്ടായെങ്കിലും കുറച്ചുകാലം നന്നായി നടന്നതിനുശേഷം അസ്തമിക്കുകയാണുണ്ടായത്. സമുദായത്തിലെ പണ്ഡിതരും ഉൽപതിഷ്ണുക്കളുമായ പത്രപ്രവർത്തകർക്ക് സമുദായം മതിയായ പ്രോത്സാഹനം നൽകിയില്ല. കൊല്ലങ്ങളോളമുള്ള കുടിശ്ശിക 'ഫീ സബീലില്ലാഹി' (ദൈവമാർഗം)യിൽ എഴുതിത്തള്ളേണ്ടി വന്നു പത്രാധിപന്മാർക്ക്!!

## അറബി-മലയാളം പത്രങ്ങൾ

കേരള മുസ്‌ലിംകൾക്കിടയിൽ എടുത്തോതത്തക്ക സ്വാധീനം നേടിയ ഒന്നാമത്തെ അറബി മലയാള മാസികയായിരുന്നു *ഹിദായത്തുൽ ഇഖ്‌വാൻ*. കെ.എം മൗലവി *അൽ മുർശിദിൽ* (വാ. 1, ല. 1) ഈ വസ്തുത സ്ഥിരീകരിച്ചിട്ടുണ്ട്. മമ്പുറം സയ്യിദ് അലവി തങ്ങളുടെ പുത്രിയായിരുന്ന ശരീഫാ കുഞ്ഞീബിയുടെ ദ്വിതീയ പുത്രനായിരുന്ന അബ്ദുല്ലക്കോയ തങ്ങളായിരുന്നു ഇതിന്റെ സ്ഥാപകൻ. തിരൂരങ്ങാടിയിൽ ചാലിലകത്ത് അഹ്മദ് നടത്തിയിരുന്ന 'ആമിറുൽ ഇസ്‌ലാം ഫീ മഅ്ദിനിൽ ഉലൂം' എന്ന പ്രസ്സിൽ നിന്നായിരുന്നു *ഹിദായത്തുൽ ഇഖ്‌വാൻ* മാസിക മുദ്രണം ചെയ്തിരുന്നത്. ചാലിലകത്ത് ഖുസ്വയ്യ് ഹാജിയും അദ്ദേഹത്തിന്റെ വരിഷ്ഠ പുത്രൻ മൗലാനാ അലി ഹസനും പത്രാധിപരെ സഹായിച്ചിരുന്നു. മൂന്നു വർഷത്തോളം അത് നടന്നു. മാപ്പിളമാർക്കിടയിൽ ദീനീ വിദ്യാഭ്യാസവും ഭൗതിക വിദ്യാഭ്യാസവും പ്രചരിപ്പിക്കാനും ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങളിൽനിന്ന് മാറി നിൽക്കാനും ഹിദായത്തുൽ ഇഖ്‌വാൻ ശക്തിയായ ഭാഷയിൽ ഉദ്ബോധിപ്പിച്ചിരുന്നു. ഹിദായത്തുൽ ഇഖ്‌വാന്റെ പല ഭാഗവും ദ്രവിച്ച ഒരു ലക്കം പരേതനായ സി.എ മുഹമമദ് മൗലവിയുടെ കൈവശമുണ്ടായിരുന്നത് ഞാൻ കണ്ടിട്ടുണ്ട്, സുമാർ മുപ്പത്തഞ്ചു വർഷങ്ങൾക്കുമുമ്പ്. ക്രി.വ 1908-ൽ അബ്ദുല്ലക്കോയ തങ്ങൾ ജിഫ്‌രി അന്തരിച്ചു.

ആലപ്പുഴയിലെ സമുദായപരിഷ്കർത്താവും പ്രസിദ്ധ വൈദ്യനും അധ്യാപകനും ഗ്രന്ഥകാരനുമായിരുന്ന സുലൈമാൻ മൗലവി 1891-മുതൽ ആലപ്പുഴയിൽ സ്ഥാപിച്ചിരുന്ന ആമിറുൽ ഇസ്‌ലാം ലിത്തോപ്രസ്സിൽനിന്ന് 'മണിവിളക്ക്' എന്ന ഒരു അറബിമലയാള ദ്വൈവാരിക പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ അവസാന പേജിൽ അദ്ദേഹം നിർമിച്ചിരുന്ന, ഹർമലിയ്യാ ലേഹ്യത്തിന്റെ പരസ്യവും ഉണ്ടായിരുന്നു. വക്കം എം. മുഹമ്മദ് അബ്ദുൽഖാദിർ മൗലവി, സയ്യിദ് കെ. ബാവ, പി.എസ് മുഹമ്മദ് സാഹിബ് മുതലായവരുടെ ലേഖനങ്ങൾ മണിവിളക്കിന്നൊരലങ്കാരമായിരുന്നു. മൗലാനയുടെ ശിഷ്യനും ദേശീയ-സാമൂഹികരംഗത്തെ പ്രശസ്ത സേവകനുമായിരുന്ന നൂറുദ്ദീൻ സാഹിബിന്റെ വീട്ടിൽനിന്നാണ് ഞാൻ മണിവിളക്കിന്റെ ഏതാനും ലക്കങ്ങൾ വായിച്ചത്.

കേരള മുസ്‌ലിം നവോത്ഥാന ശിൽപികളിൽ അഗ്രേസരനായിരുന്ന സയ്യിദ് സനാഉല്ലാഹ് മഖ്ദീ തങ്ങൾ 1892-ൽ തുഹ്ഫത്തുൽ അഖ്‌യാർ വ ഹിദായത്തുൽ അശ്റാർ എന്ന പേരിൽ ഒരു പാക്ഷികം പ്രസിദ്ധപ്പെടുത്തിയിരുന്നു. ചേനത്തുവളപ്പിൽ സയ്യിദ് അബ്ദുർറഹ്മാൻ ഹൈദ്രോസ് എന്ന അടിമ മുസ്‌ലിയാർ, അണിയാപുറത്ത് അമ്മു, അറക്കൽ കുഞ്ഞഹമ്മദ് മൗലവി എന്നിവർ പത്രാധിപസമിതി അംഗങ്ങളായിരുന്നു. ഒരു വർഷം നല്ല നിലയിൽ നടന്ന ശേഷം ആ പത്രവും അസ്തമിച്ചു. അതിന്റെ ഒന്നാം ലക്കം ഈ ലേഖകന്റെ കൈവശമുണ്ട്.

കേരളമുസ്‌ലിം പരിഷ്കർത്താക്കളിൽ പ്രാമാണികനായിരുന്നു തിരൂർ സ്വദേശി സി. സെയ്താലിക്കുട്ടി മാസ്റ്റർ (1856-1919). 1897-ൽ അദ്ദേഹം സ്വലാഹുൽ ഇഖ്‌വാൻ കമ്പനി സ്ഥാപിച്ചു രജിസ്റ്റർ ചെയ്തു. മുഹമ്മദ് അക്റം, പാട്ടത്തിൽ മൊയ്തീൻകുട്ടി, മണ്ടക

ത്തിൽ മൊയ്തീൻകുട്ടി, അണിയാപു റത്ത് അമ്മു, സി. സെയ്താലിക്കുട്ടി മാസ്റ്റർ, കിഴക്കാം കുന്നത്ത് അഹ്മദ് എന്നിവരായിരുന്നു അതിന്റെ ഡയറക്ടർമാർ.

1899-ൽ 'സ്വലാഹുൽ ഇഖ്‌വാൻ' പാക്ഷികം പുറത്തുവന്നു. മാസ്റ്റർ പത്രപ്രവർത്തനം നിമിത്തം താങ്ങാനാവാത്ത സാമ്പത്തിക ക്ലേശം അനുഭവിക്കേണ്ടിവരികയുണ്ടായി. പ്രധാനപ്പെട്ട ലോകവൃത്താന്തങ്ങൾക്കും തുർക്കിഖലീഫമാരുടെ ഭരണവാർത്തകൾക്കും പുറമെ മുസ്‌ലിം സാധാരണക്കാരുടെ വിജ്ഞാനാഭിവൃദ്ധിക്ക് പര്യാപ്തമായ നല്ല ഭാഷയിൽ എഴുതിയ ലേഖനങ്ങളും ഈ അറബി മലയാള പാക്ഷികത്തിൽ ഉണ്ടായിരുന്നു. ഭൂമി ഉരുണ്ട ഒരു ഗോളമാണെന്ന് സ്ഥാപിച്ച്കൊണ്ട് സി. സൈതാലിക്കുട്ടി മാസ്റ്റർ എഴുതിയ മുഖലേഖനങ്ങൾ അഭ്യസ്തവിദ്യരുടെ പ്രശംസയ്ക്കും യാഥാസ്ഥിതിക മുസ്‌ലിയാന്മാരുടെ എതിർപ്പിനും നിമിത്തമാവുകയുണ്ടായി. എട്ടുവർഷം വളരെ ക്ലേശിച്ചാണ് സ്വലാഹുൽഇഖ്‌വാൻ നടത്തിയത്. പൊന്നാനിയിൽനിന്നും തിരൂർ മംഗലത്തെ സ്വലാഹിയ്യാപ്രസ്സിൽ നിന്നുമായിരുന്നു ആ പത്രം മുദ്രണം ചെയ്തിരുന്നത്. സ്വലാഹുൽ ഇഖ്‌വാൻ അസ്തമിച്ചതിനുശേഷം ക്രി.വ. 1909-ൽ സെയ്താലിക്കുട്ടി മാസ്റ്റർ അറബിമലയാള ലിപിയിൽതന്നെ റഫീഖുൽ ഇസ്‌ലാം എന്ന പേരിൽ മറ്റൊരു പാക്ഷികം തുടങ്ങി. രണ്ടുവർഷം അത് നടന്നുവന്നു. യാഥാസ്ഥിതികർക്കും പിന്തിരിപ്പൻ ഉലമാ സംഘങ്ങൾക്കും സ്വലാഹുൽ ഇഖ്‌വാനും റഫീഖുൽ ഇസ്‌ലാമും ഒരിക്കലും അഭിമതമായിരുന്നില്ല.

കേരള മുസ്‌ലിം നവോദ്ധാരണ സാരഥികളിലൊരാളായിരുന്ന വക്കം മൗലവി ഹി. 1336 റജബ് മാസത്തിൽ (1910) കായിക്കരയിൽനിന്നു *അൽ ഇസ്‌ലാം* അറബിമലയാള മാസിക ആരംഭിച്ചു. അദ്ദേഹത്തിന്റെ തന്നെ വക്കത്തെ അൽഇസ്‌ലാം ലിത്തോ പ്രസ്സിൽ നിന്നായിരുന്നു മുദ്രണം. *അൽ ഇസ്‌ലാമി*ൽ മൗലവിയുടെ 'തൗഹീദും ശിർക്കും' എന്ന ചിന്താർഹമായ ഒരു ലേഖനം കാണാം. ഒന്നാമതായി സൂറത്തുൽ ഫാത്തിഹക്ക് മൗലാനാ വിസ്തൃതമായ വ്യാഖ്യാനമെഴുതി. *അൽ ഇസ്‌ലാമി*ലെ മിക്ക ലേഖനങ്ങളും മൗലവിയുടേതു തന്നെയായിരുന്നു. ഇ. മൊയ്തു മൗലവി, എ. മൗലവി മുഹമ്മദ് യൂസുഫ് തങ്ങൾ മുതലായവരുടെ ആദ്യകാല ലേഖനങ്ങളും അൽഇസ്‌ലാമിലാണ് പ്രസിദ്ധീകരിച്ചിരുന്നത്. സാമുദായിക നവോത്ഥാനത്തിന്നു ഏറെ മാർഗദർശനം നൽകിയ അൽഇസ്‌ലാം അഞ്ചു ലക്കങ്ങൾ മാത്രമേ പ്രസിദ്ധീകരിക്കപ്പെട്ടുള്ളൂ. ഇപ്പോൾ വക്കം മൗലവി സ്മാരക ഫൗണ്ടേഷൻ ഭാരവാഹികൾ *അൽഇസ്‌ലാം* ഒറ്റ വാള്യമായി പ്രസിദ്ധപ്പെടുത്താൻ സന്നദ്ധമായിട്ടുണ്ട്. തന്റെ പത്രത്തിലെ ലിപിയുടെ ആവിഷ്കർത്താവും മൗലവിയായിരുന്നു.

കേരളമുസ്‌ലിം ഐക്യസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഹി. 1342 റമദാനിൽ (1923-ൽ) ആണ് കൊടുങ്ങല്ലൂർ എറിയാടുനിന്ന് *അൽ ഇർശാദ്* അറബിമലയാള മാസിക തുടങ്ങിയത്. പത്രാധിപർ ഇ.കെ മൗലവിയും പ്രസാധകൻ മണപ്പാട്ട് പി. കുഞ്ഞിമുഹമ്മദ് ഹാജിയുമായിരുന്നു. എറിയാട് സ്ഥാപിച്ചിരുന്ന മുഹ്‌യിദ്ദീൻ ലിത്തോ പ്രസ്സിൽനിന്നാണ് അൽഇർശാദ് മുദ്രണം ചെയ്തിരുന്നത്. ഒന്നര വർഷം വിജ്ഞാനപ്രദമായ ഈ മാസിക നടന്നു. അതിൽ ഫത്‌വകൾ എഴുതിയിരുന്നത് കെ.എം. മൗലവിയായിരുന്നു.

കൊടുങ്ങല്ലൂർ എറിയാടുനിന്നുതന്നെ ഹി. 1344 റബീഉൽ അവ്വലിൽ (1925 ഒക്ടോബർ) ഇ. മൊയ്തു മൗലവിയുടെ പത്രാധിപത്യത്തിൽ അൽ ഇസ്‌ലാഹ് അറബിമലയാള പാക്ഷികം ആരംഭിച്ചു. 23 ലക്കങ്ങൾ മാത്രമാണത് പുറത്തുവന്നത്. മുസ്‌ലിം ലോകവാർത്തകളും നല്ല ഇസ്‌ലാമിക ലേഖനങ്ങളും കെ.എം മൗലവിയുടെ ഫത്‌വാകളും അൽ ഇസ്‌ലാഹിന്റെ പ്രത്യേകതകളായിരുന്നു. ഹി. 1347 റബീഉൽ അവ്വൽ (1928 സെപ്തംബർ) മുതൽ അൽഇർശാദ് അൽഇസ്‌ലാഹ് മാസികയോട് കൂട്ടിച്ചേർത്ത് പ്രസിദ്ധപ്പെടുത്തി. പത്രാധിപർ ഇ. മൊയ്തുമൗലവി തന്നെ. അൽ ഇസ്‌ലാഹ് മാസികയുടെ അഞ്ച് ലക്കങ്ങൾ മാത്രമാണ് മുദ്രണം ചെയ്തത്. ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ അൽ ഇർശാദും അൽഇസ്‌ലാഹും വഹിച്ച പങ്ക് സാരമേറിയതത്രെ. അൽഇസ്‌ലാഹും മുദ്രണം ചെയ്തിരുന്നത് എറിയാട്ടെ മുഹ്‌യിദ്ദീൻ ലിത്തോ പ്രസ്സിൽനിന്നായിരുന്നു.

1929 സെപ്റ്റംബർ 4-ന് കെ.സി കോമുക്കുട്ടി മൗലവി കോഴിക്കോട്ടുനിന്ന് *നിസാഉൽ ഇസ്‌ലാം* അറബി-മലയാളം മുസ്‌ലിം വനിതാ മാസിക ആരംഭിച്ചു. രണ്ടാം വാള്യം നാലു ലക്കങ്ങൾ (ഒരുകൊല്ലവും നാലു മാസവും) മാത്രമാണ് ആ മാസിക നടന്നത്. സമുദായ പരിഷ്കരണ രംഗത്തും മുസ്‌ലിം വനിതോദ്ധാരണ കൃത്യത്തിലും *നിസാഉൽ ഇസ്‌ലാം* വഹിച്ച പങ്ക് ചെറുതല്ല. ഇരിമ്പിളിയത്തെ ഹൈദരിയ്യ ലിത്തോപ്രസ്സിൽ നിന്നായിരുന്നു അതിന്റെ മുദ്രണം. മൗലാനാ അബ്ദുൽ ഹലീം ശററുടെ ഒരു ചരിത്രാഖ്യായികയുടെ വിവർത്തനം മൗലവി സാഹിബ് തന്നെ *നിസാഉൽ ഇസ്‌ലാമി*ൽ ഖണ്ഡശ്ശഃ പ്രസിദ്ധീകരിച്ചിരുന്നു.

1929 സെപ്റ്റംബറിൽ തന്നെയായിരുന്നു ഇരിമ്പിളിയത്തുനിന്ന് പ്രസിദ്ധ ആര്യ വൈദ്യനായിരുന്ന പി.എൻ ഹൈദർ മൗലവിയുടെ പത്രാധിപത്യത്തിൽ *അൽ ഹിദായ* പ്രസിദ്ധീകരണമാരംഭിച്ചത്. പത്രാധിപരുടെ തന്നെ ഇരിമ്പിളിയത്തെ ഹൈദരിയ്യ ലിത്തോപ്രസ്സിൽനിന്നായിരുന്നു അതിന്റെ അച്ചടി. ഹൈദർമൗലവിയുടെ ശ്വശുരനായ കെ.സി കോമുക്കുട്ടി മൗലവിയായിരുന്നു *അൽഹിദായ*യുടെ പ്രധാന ലേഖകൻ. പി.എൻ വൈദ്യരുടെ ആരോഗ്യശാസ്ത്രലേഖനങ്ങൾ

ഏറെ ശ്രദ്ധേയമായിരുന്നു. ഒരു വർഷം മാത്രമേ അത് നീണ്ടുനിന്നുള്ളൂ.

സമസ്തകേരള ജംഇയ്യത്തുൽ ഉലമായുടെ സ്ഥാപക നേതാവായ എ.പി അഹ്മദ് കുട്ടി മുസ്‌ലിയാർ 1929 ഡിസംബറിൽ കോഴിക്കോട്ടു നിന്ന് *അൽ ബയാൻ* മാസിക തുടങ്ങി. സമസ്തകേരള ജംഇയ്യത്തുൽ ഉലമയുടെ ജിഹ്വയായ ആ അറബി-മലയാളമാസികയുടെ അഞ്ചു ലക്കങ്ങൾ മാത്രമേ അന്ന് പുറത്തിറങ്ങിയുള്ളൂ. തിരൂരങ്ങാടിയിൽ കാരക്കൽ അബ്ദുല്ല എന്ന ആൾ നടത്തിയിരുന്ന മള്ഹറുൽ മുഹിമ്മാത്ത് ലിത്തോ പ്രസ്സിൽനിന്നായിരുന്നു അതിന്റെ മുദ്രണം.

പിൽക്കാലത്ത് സമസ്തയുടെ ആഭിമുഖ്യത്തിൽ *അൽ ബയാൻ* അറബി-മലയാളമാസിക പത്തുവർഷം വാളക്കുളം, പരപ്പനങ്ങാടി എന്നീ പ്രദേശങ്ങളിൽനിന്ന് മുറക്ക് ഇറങ്ങുകയുണ്ടായി. മൗലവി അബ്ദുൽ ബാരി, പറവണ്ണ കെ.പി.എ മൊയ്തീൻകുട്ടി മുസ്‌ലിയാർ, അബുൽ കമാൽ കാടേരി മുഹമ്മദ് മൗലവി, കോട്ടുമല അബൂബക്കർ മുസ്‌ലിയാർ മുതലായവർ മാറിമാറി *അൽബയാന്റെ* പത്രാധിപത്യം വഹിച്ചുവന്നു.

1935 ഫെബ്രുവരി 5-ന് കെ.എം മൗലവിയുടെ പത്രാധിപത്യത്തിൽ കേരള ജംഇയ്യത്തുൽ ഉലമയുടെ ജിഹ്വയായി *അൽ മുർശിദ്* അറബി-മലയാള മാസിക ആരംഭിച്ചു. സലഫീ ജീവിത മാർഗം കേരളീയമുസ്‌ലിം ബഹുജനങ്ങൾക്ക് വിജയകരമാം വിധം പരിചയപ്പെടുത്തുന്ന നിരവധി ലേഖനങ്ങളും കെ.എം മൗലവിയുടെ ഫത്‌വാകളും അൽ മുർശിദിന്റെ താളുകളെ പ്രോജ്വലമാക്കി. *അൽമുർശിദ്* മുടക്കം കൂടാതെ നാലു വർഷം നടന്നു. സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, മൗലാനാ അബുൽജലാൽ നദ്‌വി, സയ്യിദ് സുലൈമാൻ നദ്‌വി, അമീർ ശകീബ് അർസലാൻ, മൗലാനാ അബുൽ ഹസൻ അലി നദ്‌വി മുതലായ പ്രതിഭാധനരായ പണ്ഡിതന്മാരുടെ ലേഖനങ്ങളും വിവർത്തനങ്ങളും *അൽ മുർശിദിന്റെ* നിലവാരം വർധിപ്പിച്ചിരുന്നു. *അൽ മുർശിദ്* ലിത്തോപ്രസ്സിൽ നിന്നാണ് മാസിക അച്ചടിക്കുന്നത്.

നാലുവർഷം കഴിഞ്ഞ് മുടങ്ങിയ ശേഷം 1947 ഡിസംബർ 4-ന് *അൽ മുർശിദ്* അഞ്ചാം പുസ്തകം തുടങ്ങി. ഒരു വർഷം മാത്രമേ അതും നടന്നുള്ളൂ. രണ്ടാം പുറപ്പാടിൽ കെ.എം മൗലവി പത്രാധിപരും ഇ.കെ മൗലവി, പി.വി മുഹമ്മദ് മൗലവി എന്നിവർ പത്രാധിപസമിതി അംഗങ്ങളുമായിരുന്നു.

ഹി. 1373 ജമാദുൽ ഊലാ 27-ന് (1954 ഫെബ്രുവരി 1-ന്) ഇ.കെ മൗലവിയുടെ പത്രാധിപത്യത്തിൽ തിരൂരങ്ങാടിയിൽനിന്ന് *അൽ ഇത്തിഹാദ്* അറബി-മലയാളമാസിക പ്രസിദ്ധീകരണം തുടങ്ങി. രണ്ടേമുക്കാൽ വർഷം ആ മാസിക നിലനിന്നു. കേരളത്തിലെ ഇസ്‌ലാഹീ പ്രസ്ഥാന ചരിത്രം ഖാദിമുൽ ഇസ്‌ലാം എന്ന തൂലികാ നാമത്തിൽ ഇ.കെ മൗലവി തന്നെ ആ മാസികയിൽ ഖണ്ഡശ്ശഃ എഴുതിയിരുന്നു. കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ സ്ഥാപനം മുതൽ കണ്ണൂരിൽവെച്ച് നടന്ന അതിന്റെ പന്ത്രണ്ടാം വാർഷിക സമ്മേളനത്തോടെ അത് കേരള മുസ്‌ലിം മജ്‌ലിസിൽ വിലയം പ്രാപിച്ചതുവരെയുള്ള ചരിത്ര സംഗ്രഹമാണ് ആ പരമ്പരയിലെ പ്രതിപാദ്യം. സി.എച്ച് അബ്ദുർറഹ്മാന്റെ റുഖിയ്യാ പ്രസ്സിൽനിന്നാണ് *അൽഇത്തിഹാദ്* മുദ്രണം ചെയ്തിരുന്നത്.

ഇപ്പോൾ ഇ.കെ വിഭാഗം സുന്നീ നേതാവായ കെ.വി മുഹമ്മദ് മുസ്‌ലിയാർ കൂറ്റനാട് ഹി. 1380 ജമാദുൽഊലായിൽ (1960 മാർച്ച്) പരപ്പനങ്ങാടിയിൽനിന്ന് *അൽബുർഹാൻ* അറബി-മലയാളമാസിക തുടങ്ങി; ഒരു വർഷം നടന്നു. പരപ്പനങ്ങാടിയിലെ ബയാനിയ്യാ പ്രസ്സിൽനിന്നാണ് അത് അച്ചടിച്ചിരുന്നത്.

1975-ൽ സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡിന്റെ കീഴിൽ മദ്റസാധ്യാപകർക്കായി *അൽ മുഅല്ലിം* അറബി, അറബി-മലയാള മാസിക തുടങ്ങി. ഒരു ഭാഗത്ത് അറബി ലേഖനങ്ങളും മറുഭാഗത്ത് അറബി-മലയാളലേഖനവുമാണതിൽ പ്രസിദ്ധീകരിക്കാറുള്ളത്. അറബി-മലയാളവുമായി കേരളീയ മുസ്‌ലിംകൾക്കുള്ള സാംസ്കാരിക ബന്ധം നിലനിർത്തുന്നത് ഇരുവിഭാഗം സമസ്തയുടെ പാഠപുസ്തകങ്ങളും *അൽ മുഅല്ലിം* മാസികയുമാണെന്ന് പറയുന്നതിൽ തെറ്റില്ല. അറബി-മലയാള ലേഖനങ്ങളുൾക്കൊള്ളുന്ന ആധുനികദശയിലെ ഒരേയൊരു മാസികയാണ് ദീർഘകാലമായി നടന്നുവരുന്ന *അൽ മുഅല്ലിം.* ഈ കൊച്ചു സംസ്ഥാനത്തുനിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്ന അറബി-മലയാള മാസികാപത്രങ്ങളെ പരിചയപ്പെടുത്തിക്കഴിഞ്ഞു. ഇനി മുസ്‌ലിം ഭാഷാപത്രമാസികകളെ സംബന്ധിച്ച് ലഘുവായി വിവരിക്കാം.

### ഭാഷാപത്രങ്ങളുടെ തുടക്കം

സയ്യിദ് സനാഉല്ലാഹ് മഖ്ദീ തങ്ങളെ പത്രപ്രവർത്തനത്തിൽ സഹായിക്കാൻ ആദ്യമായി മുന്നോട്ടു വന്നത് കൊച്ചി കൽവത്തി സ്വദേശിയും പണ്ഡിതനും കാക്കാ എന്ന അപരാഭിധാനത്താൽ പ്രസിദ്ധനുമായിരുന്ന ഖാദിർ ശാഹ് ഹാജി ബാപ്പു സാഹിബായിരുന്നു. അദ്ദേഹം കേരളത്തിലെ ആദ്യകാലമതപരിഷ്കർത്താവും പ്രസിദ്ധ അറബി സാഹിത്യകാരനുമായിരുന്ന മൗലാനാ അബ്ദുൽ കരീം ബട്കലി (കൊച്ചി)യുടെ ശിഷ്യനും പുരോഗമനേഛുവായ പണ്ഡിതനുമായിരുന്നു. കാക്കാ സാഹിബ് പ്രധാനപത്രാധിപരും മഖ്ദീതങ്ങൾ സഹപത്രാധിപരുമായി 1888-ൽ കൊച്ചിയിൽനിന്ന് *സത്യപ്രകാശം* വാരിക പ്രസിദ്ധീകരിച്ചു. ഒമ്പതു മാസക്കാലം മാത്രമാണ് അത് നടന്നത്. ജനാബ് ആദംജി ഭീംജി സേഠ് കൊച്ചിയിൽ സ്ഥാപിച്ചിരുന്ന ഭാരതകേസരി അച്ചുകൂടത്തിൽ നിന്നാണ് അതു മുദ്രണം ചെയ്തിരുന്നത്. കാക്കാസാഹിബ് 1908-ൽ അന്തരിച്ചു. മഖ്ദീതങ്ങൾ

സത്യപ്രകാശം വാരികയുടെ അസ്തമനാന്തരം കോഴിക്കോട്ടുനിന്നും കൊച്ചിയിൽനിന്നുമായി *പരോപകാരി* മാസിക നടത്തി. ക്രൈസ്തവ പാതിരിമാരുടെ ഇസ്ലാംമതവിമർശനങ്ങൾക്ക് *പരോപകാരി*യിൽ തങ്ങൾ യുക്തിപൂർവമായ പ്രത്യാഖ്യാനങ്ങൾ എഴുതിയിരുന്നു. *പരോപകാരി*യുടെ പ്രസിദ്ധീകരണം നിമിത്തം മഖ്ദീ തങ്ങൾ ദുർവഹമായ ഋണ ബാധ്യതക്ക് വിധേയനായി. അവസാനം സ്വവസതിപോലും വിൽക്കേണ്ടി വന്നു. ആ സംഗതി താങ്ങാനാവാത്ത ദുഃഖത്തോടെ അദ്ദേഹം രേഖപ്പെടുത്തിയത് കാണുക:

*പരോപകാരി* മാസിക മൂലം സ്വന്തം ഭവനം കടപ്പെട്ടതിൽ പിന്നെ ഇന്നുവരെ പൂച്ച തന്റെ കുഞ്ഞുങ്ങളെ കൊണ്ടലയുന്നതു പോലെ സംസാരം കൊണ്ടലഞ്ഞും 'ദിനം നവീന ആഹാരം നവീനത' എന്നകണക്കെ അന്നന്നത്തെ ചെലവ് അന്വേഷിച്ചുവരുന്നു. ക്രിസ്തു പറഞ്ഞതുപോലെ 'തല വെപ്പാൻ സ്ഥലമില്ലാതെ കഴിക്കുന്നു. വാടകക്ക് വീടോ സ്ഥലമോ കൊടുപ്പാൻ പോലും ഇസ്ലാം ജനം ഭയപ്പെടുന്നു' (മഖ്ദീ മനഃക്ലേശം, പേ: 65,66)

ക്രി.വ. 1902-ൽ മഖ്ദീതങ്ങൾ *നിത്യജീവൻ* എന്ന ഒരു മാസിക പ്രസിദ്ധപ്പെടുത്താൻ ആഗ്രഹിച്ച് വിവിധ പത്രങ്ങളിൽ പരസ്യം ചെയ്തിരുന്നു. നൂറ് വായനക്കാരെ പോലും വരിക്കാരായി കിട്ടാത്തത് കാരണം ആ പത്രം പ്രസിദ്ധീകരിച്ചില്ല.

1909-ൽ അദ്ദേഹം *തുർക്കി സമാചാരം* എന്ന സായാഹ്നപത്രം കൊച്ചിയിൽനിന്ന് തുടങ്ങി. ഉസ്മാനിയ്യാഖലീഫമാരുടെ മതപരവും സാമൂഹികവും രാഷ്ട്രീയവുമായ നൂതന പരിവർത്തന വൃത്താന്തങ്ങൾ ആ പത്രികയിൽ സ്ഥലം പിടിച്ചിരുന്നു. സാമ്പത്തികാവശത നിമിത്തം ആ പത്രവും ഏതാനും ലക്കങ്ങൾ മാത്രമേ ഇറങ്ങിയുള്ളൂ. 1912-ൽ മഹാനായ ആ മുസ്ലിം പരിഷ്കർത്താവ് മൺമറഞ്ഞു. അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖരിൽ പ്രാമാണികനായിരുന്ന സി.വി അബ്ദുർറഹ്മാൻ ഹൈദ്രോസ് (കൊച്ചി) തന്റെ ഗുരുവര്യൻ വെട്ടിത്തെളിയിച്ച പാതയിലൂടെ വിജയകരമാംവിധം പ്രയാണം ചെയ്തു.

കൊച്ചിയിലെ ഉദാരമതികളായ മുസ്ലിം നേതാക്കളുടെ സാമ്പത്തിക സഹായത്തോടെ പ്രസിദ്ധ മുസ്ലിം പരിഷ്കർത്താവായിരുന്ന പി. അബ്ദു മുഹമ്മദ് ഹാജി (ഇദ്ദേഹം ആദ്യകാല മുസ്ലിം വിദ്യാർഥി ഫെഡറേഷൻ നേതാവായിരുന്ന ഹസൻ രിസാ സാഹിബിന്റെ പിതാവായിരുന്നു. പിൽക്കാലത്ത് സജീവ ജമാഅത്തെ ഇസ്ലാമി പ്രവർത്തകനായി മാറിയ രിസാ സാഹിബ് അടുത്ത കാലത്താണ് കൊച്ചിയിൽ അന്തരിച്ചത്) 1909-ൽ *മലബാർ ഇസ്ലാം* വൃത്താന്തവാരിക തുടങ്ങി. മലബാറിലും തിരുവിതാംകൂറിലും ആ വാരികക്ക് ഏതാനും വരിക്കാരുണ്ടായിരുന്നു. രണ്ടു വർഷത്തിനു ശേഷം *മലബാർ ഇസ്ലാം* വാരികയുടെ പത്രാധിപത്യം നേരത്തേ പരിചയപ്പെടുത്തിയ വി. അബ്ദുർറഹ്മാൻ ഹൈദ്രോസ് ഏറ്റെടുത്ത് പതിമൂന്നുവർഷം പ്രശസ്തമാംവിധം നടത്തി. ഖിലാഫത്ത് പ്രസ്ഥാനത്തിനും മുസ്ലിം പരിഷ്കരണത്തിനും *മലബാർ ഇസ്ലാമി*ലെ ലേഖനങ്ങൾ വലിയ പങ്കുവഹിക്കുകയുണ്ടായി.

1903-ൽ വക്കം എം. അബ്ദുൽഖാദിർ മൗലവിയുടെ ഉടമസ്ഥതയിൽ *സ്വദേശാഭിമാനി* പത്രം തുടങ്ങി. സ്ഥാപനകാലം മുതൽ 1906 വരെ പത്രാധിപർ ശ്രീ. സി.പി. ഗോവിന്ദപിള്ളയായിരുന്നു. 1906-ൽ നിർഭയനും പ്രഗത്ഭമതിയായ എഴുത്തുകാരനുമായിരുന്ന ശ്രീ. കെ. രാമകൃഷ്ണപിള്ളയെ മൗലവി തന്റെ പത്രത്തിന്റെ അധിപരായി നിശ്ചയിച്ചു. അതോടൊപ്പം തന്നെ സ്വദേശാഭിമാനി പ്രസ്സ് മൗലവി വക്കത്തുനിന്ന് തിരുവനന്തപുരത്തേക്ക് മാറ്റി. ജനങ്ങളുടെ ക്ഷേമത്തിനും സ്വാതന്ത്ര്യത്തിനുമായി *സ്വദേശാഭിമാനി* തളരാതെ പൊരുതിക്കൊണ്ടിരുന്നു. പുതിയ പത്രാധിപരുടെ അഭീഷ്ടത്തിനെതിരായി ഒരു ചെറുവിരൽ പോലും മൗലവി സാഹിബ് ഇളക്കിയില്ല. 1910 സെപ്റ്റംബർ 26-ന് സ്വദേശാഭിമാനി പ്രസ്സ് കണ്ടുകെട്ടുകയും പത്രാധിപരായിരുന്ന രാമകൃഷ്ണപിള്ള അറസ്റ്റിലാവുകയും ചെയ്തു. പിന്നീട് അദ്ദേഹത്തെ പാലക്കാട് വഴി കൊണ്ടുപോയി കണ്ണൂരിൽ എത്തിച്ചു. മാപ്പുചോദിച്ചാൽ പ്രസ്സ് തിരിച്ചു കിട്ടുമെന്ന് പല പൗരപ്രധാനികളും മൗലവിയെ ഉപദേശിച്ചുനോക്കി. 'എന്റെ പത്രാധിപരില്ലാതെ എനിക്കെന്തിനാണ് പ്രസ്സ്?' എന്നായിരുന്നു മൗലവി ചോദിച്ചിരുന്നത്. ഇ.എം.എസ് കേരള മുഖ്യമന്ത്രിയായ കാലത്ത് സ്വദേശാഭിമാനി പ്രസ്സ് വക്കം മൗലവിയുടെ മകനും പ്രസിദ്ധ സാഹിത്യകാരനുമായ വക്കം അബ്ദുൽഖാദിറിനു മടക്കി കൊടുത്തു. പക്ഷേ, ആ പ്രസ്സ് അപ്പോഴേക്ക് ഉപയോഗശൂന്യമായി കഴിഞ്ഞിരുന്നു.

സ്വദേശാഭിമാനി തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന കാലത്ത് (1909-ൽ) മൗലവി മുസ്ലിം സാമുദായിക നവോത്ഥാനത്തിന്നായി വക്കത്തുനിന്ന് *മുസ്ലിം* മാസിക ആരംഭിച്ചു. മുസ്ലിംകളുടെ ഒരേ ഒരു വൃത്താന്തപത്രികയായ *മലബാർ ഇസ്ലാമി*നും ഒരേ ഒരു മാസികയായ *മുസ്ലിമി*നും മലയാള ദേശവാസികളായ മുസ്ലിംകൾ സർവവിധമായ സാമ്പത്തികസഹായവും ചെയ്യണമെന്ന് അഭ്യർഥിച്ചുകൊണ്ട് 1914-ൽ ശൈഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങൾ പ്രസിദ്ധപ്പെടുത്തിയ ഒരു വിജ്ഞാപനം അക്കാലത്ത് നാടുനീളെ പ്രചരിപ്പിച്ചിരുന്നു. അതിന്നനുകൂലമായി പ്രതികരിക്കാൻ മുസ്ലിം കേരളം അക്കാലത്ത് വളർന്നിരുന്നില്ല. കനത്ത കുടിശ്ശിക ഈടാക്കാൻ കഴിയാതെ വക്കം മൗലവി *മുസ്ലിം* മാസിക അഞ്ചു വർഷം നടത്തി നിർത്തുകയാണുണ്ടായത്. *മുസ്ലിം* മാസികയുടെ

പബ്ലിഷർ വക്കം മൗലവിയുടെ സ്യാലനും പണ്ഡിതനുമായ എ. മുഹമ്മദ് കുഞ്ഞു കാക്കയായിരുന്നു. (നല്ലൊരു മതപണ്ഡിതനും എഴുത്തുകാരനുമായ അദ്ദേഹത്തെ എല്ലാവരും ആദരപൂർവം കാക്കയെന്നാണ് സംബോധന ചെയ്തിരുന്നത്). 'മൗലവിയും മുസ്‌ലിയാരും പുതിയ വെളിച്ചത്തിൽ' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഇദ്ദേഹം ഏകദേശം ഇരുപത് വർഷം മുമ്പ് മരണമടഞ്ഞു.

1917-18 വർഷങ്ങളിൽ ആലപ്പുഴയിൽനിന്ന് *മുസ്‌ലിംവൃത്താന്തം* ദ്വൈവാരികയായി നടന്നു. പത്രാധിപർ എ.എം അബ്ദുൽഖാദിർ മൗലവി (അസ്ഹരി)യായിരുന്നു. ആ പത്രത്തിലായിരുന്നു എ.എം അബ്ദുൽഖാദിർ സാഹിബും കെ. സീതി സാഹിബും തമ്മിൽ പ്രഖ്യാതമായ 'വഃഹാബി വിവാദ' ഖണ്ഡനമണ്ഡനങ്ങൾ നടന്നത്.

1920-ൽ വർക്കലയിൽ എ. മുഹമ്മദ് കുഞ്ഞുകാക്ക *ഖിലാഫത്ത് പത്രിക* എന്ന പേരിൽ ഒരു മാസിക തുടങ്ങി. അതിന്റെ ആറുലക്കങ്ങൾ മാത്രം പുറത്തുവന്നു. പിന്നീട് മുടങ്ങി. 1924-ൽ വർക്കലയിൽനിന്നു തന്നെ അദ്ദേഹം അൽമനാർ എന്ന പേരിൽ ഒര മാസികയും തുടങ്ങി. അതിന്റെ മൂന്നു ലക്കങ്ങൾ മാത്രമാണ് പ്രസിദ്ധീകരിക്കപ്പെട്ടത്.

ദേശീയ പ്രസ്ഥാനത്തിനും മതനവോദ്ധാരണ ശ്രമങ്ങൾക്കും ഖിലാഫത്ത് പത്രികയും അൽമനാർ മാസികയും സാരമായ സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്.

സുപ്രസിദ്ധ പരിഷ്‌കർകത്താവായിരുന്ന മുനമ്പം പി.കെ മൂസക്കുട്ടി സാഹിബിന്റെ പത്രാധിപത്യത്തിൽ 1911 ഏപ്രിലിൽ *മുഹമ്മദീയ ദർപ്പണം* മാസിക പ്രസിദ്ധീകൃതമായി. അതിന്റെ ആറുലക്കങ്ങളേ പുറത്തുവന്നുള്ളൂ. മുസ്‌ലിം സ്ത്രീകളുടെ വിദ്യാഭ്യാസത്തിനും പരിഷ്‌കരണത്തിനും അദ്ദേഹം ഊന്നൽ നൽകിയിരുന്നു. മുസ്‌ലിം നാരീജനങ്ങളുടെ ഉദ്ധാരണത്തിനായി അദ്ദേഹം 1925-ൽ *മുസ്‌ലിം മഹിള* മാസിക ആരംഭിച്ചു. എറണാകുളത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന ആ മാസിക ഒരു വർഷം നടന്നു.

എറണാകുളത്തെ പ്രസിദ്ധ സമുദായാഭിമാനിയും വ്യാപാരിയുമായിരുന്ന സി.കെ ബാവസാഹിബ് 1920-'21 കാലത്ത് എറണാകുളത്തുനിന്ന് *മുഹമ്മദലി* എന്ന നാമത്തിൽ ഒരു മാസിക നടത്തിവന്നു. ഫാദർ മണ്ണഞ്ചേരിയുടെ കുപ്രസിദ്ധമായ ഇസ്‌ലാംമതവിമർശനത്തിന് സി.കെ ബാവസാഹിബ് സത്യമതസാരം അഥവാ ക്രിസ്തുമതാന്ധകാരം എന്ന പേരിൽ മഹത്തായൊരു പ്രത്യാഖ്യാനം എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മൗലാനാ മുഹമ്മദലി എന്ന പേരു നൽകിയത്. അക്കാലത്ത് മുസ്‌ലിംകൾക്കും ഹിന്ദുക്കൾക്കുമെല്ലാം മൗലാനാ മുഹമ്മദലിയെ ഉദ്ദശിച്ചു കൊണ്ടാണ് പത്രത്തിന് 'മുഹമ്മദലി' ഒരു ലഹരി തന്നെയായിരുന്നു. (മൗലാനയുടെ ജീവചരിത്രം ഭാഷയിൽ ഒന്നാമതായി എഴുതിയതു തന്നെ മാതൃഭൂമി പത്രാധിപരായിരുന്ന ശ്രീ. കെ.പി കേശവമേനോൻ ആയിരുന്നു. ആ വസ്തുത പക്ഷേ, അദ്ദേഹം 'കഴിഞ്ഞകാലം' എന്ന തന്റെ ആത്മകഥയിൽ ചേർക്കാൻ വിട്ടുപോയി!) ഒരു വർഷത്തോളം *മുഹമ്മദലി* മാസിക നടന്നു.

ഹി. 1341 ശവ്വാൽ(1921) മാസത്തിൽ കൊല്ലത്തുനിന്ന് പി.കെ. യൂനുസ് മൗലവി, സയ്യിദ് ബാവ എന്നിവരുടെ പത്രാധിപത്യത്തിൽ *ഇസ്‌ലാംദീപം* മലയാളമാസിക പ്രസിദ്ധീകരിച്ചുവന്നു. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമായുടെ പ്രസിഡന്റായിരുന്ന പി.കെ യൂനുസ് മൗലവി ഖുത്ബയുടെ പ്രധാനഘടകങ്ങൾ ഒഴിച്ചുള്ള നസ്വീഹത്ത് (സദുപദേശം) മാതൃഭാഷയിലായിരിക്കണം നടത്തേണ്ടത് എന്ന അഭിപ്രായക്കാരനായിരുന്നു. *ഇസ്‌ലാംദീപം* രണ്ടുവർഷം നടന്നു.

ഹി. 1341-ൽ തന്നെ റജബിൽ ആലപ്പുഴയിൽനിന്ന് എ. മുഹമ്മദ് കണ്ണ് റാവുത്തർ പത്രാധിപരായി *ഇസ്‌ലാംദൂതൻ* മാസിക തുടങ്ങി. പബ്ലിഷർ സ്ഥലത്തെ ഖിലാഫത്ത് - കോൺഗ്രസ്സ് നേതാവായിരുന്ന എ. അബൂബക്കർ മൗലവി. ഒരു വർഷം നടന്നു.

കേരളമുസ്‌ലിം ഐക്യസംഘത്തിന്റെ ആശയപ്രചാരണ രംഗത്ത് വമ്പിച്ച സേവനങ്ങളർപ്പിച്ച *മുസ്‌ലിം ഐക്യം* മാസിക, കെ.എം സീതിസാഹിബിന്റെ മാതുലനും പരിഷ്‌കർത്താവുമായിരുന്ന പി.എ അഹ്മദുണ്ണി സാഹിബിന്റെ പത്രാധിപത്യത്തിൽ ഹി. 1342(1921) ജമാദുൽ ഊലായിലാണ് (1099 മേടം) ആരംഭിച്ചത്. ഒരു വർഷം മാത്രമേ ഇത് നടന്നുള്ളൂ.

1921-'22 വർഷങ്ങളിൽ കൊടുങ്ങല്ലൂരിൽനിന്ന് എൻ.എ അബ്ദുർറഹ്മാൻ പത്രാധിപരായി *നവലോകം* മാസികയുടെ ആറുലക്കങ്ങൾ നടന്നു. ആ മാസികയുടെ അണിയറക്കുള്ളിൽ പ്രവർത്തിച്ചിരുന്നത് കെ.എം സീതിസാഹിബായിരുന്നു.

1923 നവംബറിൽ കോഴിക്കോടുനിന്ന് കെ. അഹ്മദിന്റെ പത്രാധിപത്യത്തിൽ *ഹിദായത്ത്* മാസിക രണ്ടു വർഷം നടന്നു. മലബാർ കലാപം നിമിത്തം കഠിനമായ യാതനകൾക്കും വേദനകൾക്കും വിധേയരായ മാപ്പിളമാരുടെ കണ്ണീരൊപ്പാനും അവരെ പുരോഗതിയുടെ രാജപാതയിലേക്ക് നയിക്കാനും ഹിദായത്ത് ചെയ്ത സേവനങ്ങൾ ചെറുതല്ല.

1924-ൽ കരുനാഗപ്പള്ളിയിൽനിന്ന് ഒരുകൂട്ടം അഭ്യസ്തവിദ്യരായ മുസ്‌ലിംകളുടെ പരിശ്രമഫലമായി *ശംസുൽ ഇസ്‌ലാം* മിഷനറി മാസിക പുറത്തിറങ്ങി. ബദ്‌റുദ്ദീൻ എന്നൊരാളായിരുന്നു പത്രാധിപർ. അതിന്റെ എട്ടുലക്കങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. അതേ വർഷം തന്നെ കൊല്ലത്തുനിന്ന് എം. അബ്ദുർറഹ്മാൻകുട്ടി എഡിറ്ററായി ആരംഭിച്ച *കേരള ചന്ദ്രിക* ഒരുവർഷം നടന്നു.

1924 ഒക്ടോബർ 12 തിരുനബി (സ)യുടെ ജന്മദിനമായിരുന്നു. അന്നാണ് മുസ്‌ലിം കേരളത്തിന്റെ രോമാഞ്ചമായിരുന്ന ശേറെ മലബാർ

മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് *അൽ അമീൻ* പത്രത്തിന്റെ പ്രഥമലക്കം പ്രസിദ്ധപ്പെടുത്തിയത്. സാഹിബിന്റെ പ്രഥമ ചരിത്രകാരനായ ടി. മുഹമ്മദ് യൂസുഫ് എഴുതുന്നു:

'ലോകൈകഗുരുവായ നബി (സ)യുടെ ജന്മനക്ഷത്രദിനമായ അന്നേ ദിവസമാണ് *അൽ അമീൻ* പത്രത്തിന്റെ ഒന്നാമത്തെ ലക്കം മഹാകവി വള്ളത്തോളിന്റെ

*ശ്രീമച്ചെംകഴലെന്നണച്ചതിളമെ*

*ലിസ്ലാംമതത്തിൻ പിതാ*

*വാ, മംഗല്യദിനേ ജനിച്ച ശിശുവാം*

*പൊന്നോമനപത്രമേ*

*പ്രേമത്തിൻ കുളിർകൊഞ്ചൽ കൊഞ്ചി വലുതാ*

*മൈക്യാങ്കണത്തിങ്കലെ*

*ത്തൂമണ്ണാടി രമിക്ക നീ നബിനിന*

*ക്കേകും ദയാനുഗ്രഹം*

എന്നുള്ള മംഗളാശംസയും വഹിച്ചുകൊണ്ടു പുറപ്പെട്ടത്. ശ്രീജിത്ത്, മുഹമ്മദ് അബ്ദുർറഹ്മാൻ പേജ്: 36,37.

1924 മുതൽ ഏകദേശം 1931 വരെ *അൽ അമീൻ* പത്രം ത്രൈവാരികയായി നടന്നു. അനന്തരം 1936 വരെ ദിനപത്രമായിരുന്നു. മുസ്‌ലിം കേരളത്തെ മതപരമായും രാഷ്ട്രീയമായും സാമൂഹികമായും സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഉയർത്തുന്നതിൽ *അൽഅമീൻ* വഹിച്ച പങ്ക് കേരള മുസ്‌ലിം ചരിത്രത്തിൽ തങ്കമഷികൊണ്ട് രേഖപ്പെടുത്തേണ്ടതാണ്. വർഷംപ്രതി നബിദിനത്തിന് *അൽഅമീൻ* വിജ്ഞാനവിഭവങ്ങൾ നിറഞ്ഞ വിശേഷാൽ പ്രതികൾ പുറത്തിറക്കാറുണ്ടായിരുന്നു. മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, കെ.സീതിമുഹമ്മദ്, തയ്യിൽ ഹസൻ കോയമുല്ല, പുവുക്കാത്ത് മമ്മു, മമ്മുക്കേയി സാഹിബ്, കെ. ഉപ്പിസാഹിബ് എന്നിവർ *അൽഅമീൻ* ആന്റ് പബ്ലിഷിംഗ് കമ്പനിയുടെ ഡയറക്ടർമാരായിരുന്നു. കേരള മുസ്‌ലിംകൾക്കിടയിൽ ഏറ്റവും വലിയ പ്രചാരം നേടിയ പത്രമായിരുന്നു അൽഅമീൻ. ഇംഗ്ലീഷ് ഗവൺമെന്റിന്റെ പേടിസ്വപ്നമായിരുന്ന ആ ആദർശവിപ്ലവപത്രം അധികൃതർ ഒന്നിലധികം തവണ നിരോധിക്കുകയുണ്ടായി. *അൽ അമീന്റെ* പ്രവർത്തനഘട്ടത്തിൽ പത്രാധിപരും സഹപ്രവർത്തകരും അനുഭവിച്ച യാതനകൾക്ക് കൈയും കണക്കുമില്ല.

1924-'25-ൽ ആലപ്പുഴയിൽനിന്ന് മൗലവി എ.എം മുഹമ്മദ് ശാഫി സാഹിബ് അവർകൾ *സാരസൻ* എന്ന പേരിൽ ഒരു മാസിക നടത്തിയിരുന്നു. പത്രാധിപർ തന്നെ തദനന്തരകാലത്ത് സാരസൻശാഫിഈ എന്ന പേരിലാണ് അറിയപ്പെട്ടത്. മുസ്‌ലിംകേരളത്തെ തട്ടിയുണർത്തുന്നതിൽ സാരസൻ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പത്രാധിപർ സ്വപത്രത്തിൽ വന്ന തുടർലേഖനങ്ങൾ പലതും പുസ്തകങ്ങളായി മുദ്രണം ചെയ്തിരുന്നു.

കൊല്ലത്ത് നിന്നുതന്നെ 1925-ൽ സയ്യിദ് എം. ബാവസാഹിബിന്റെ പത്രാധിപത്യത്തിൽ *മുനീറുൽ ഇസ്‌ലാം* മലയാളമാസിക ഒരു വർഷം നടന്നു. അദ്ദേഹം പിന്നീട് കൊല്ലത്തുനിന്ന് 1927-ൽ *മുസൽമാൻ* എന്ന പേരിൽ ഒരു മാസിക നടത്തിവന്നു. അഞ്ച് ലക്കങ്ങൾ മാത്രം പുറത്തുവന്നു.

1925 മുതൽ എറണാകുളത്ത്നിന്ന് *ഐക്യം* വാരിക പ്രസിദ്ധീകരിച്ചുവന്നു. കെ.എം സീതിസാഹിബായിരുന്നു പ്രധാനപത്രാധിപർ എ. മുഹമ്മദ് കണ്ണുസാഹിബ് സഹപത്രാധിപരും. അദ്ദേഹം *ഐക്യം* വാരിക നിന്നതിനുശേഷം ഏതാനും കാലം *രസികൻ* എന്ന വിനോദമാസികയും നടത്തിയിരുന്നു. എറണാകുളത്തെ *ഐക്യം* വാരിക ഒരു വർഷം മാത്രമാണ് നടന്നത്.

1926-ൽ തലശ്ശേരിയിൽ യു.കെ കുഞ്ഞഹ്മദ് മൗലവി, മൂസാനാസിഹ് എന്നിവരുടെ പരിശ്രമഫലമായി *നാറജീൽസ്താൻ* എന്ന ഉർദു മാസിക പ്രസിദ്ധീകരിച്ചുവന്നു. അഞ്ച് ലക്കങ്ങൾ മാത്രമാണ് പുറത്തുവന്നത്.

1926-ൽ കോഴിക്കോട്ടുനിന്ന് പാറോൽ ഹുസൈൻ മൗലവി (ഇദ്ദേഹം സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ സ്ഥാപക സെക്രട്ടറിയും ഗ്രന്ഥകാരനുമായിരുന്നു) മലബാറി വാരിക തുടങ്ങി. പിന്നീട് താനൂരിലേക്ക് മാറിയ അദ്ദേഹം തന്റെ പത്രം ദിനപത്രമാക്കി മാറ്റി. പക്ഷേ, താമസംവിനാ അത് അസ്തമിച്ചു പോയി. 1953-ൽ അദ്ദേഹം മലപ്പുറം ജില്ലയിലെ തന്നെ അബ്ദുർറഹ്മാൻ നഗറിലേക്ക് മാറി താമസിച്ചു. ജീവിതസായാഹ്നത്തിൽ മുജാഹിദ് ആശയക്കാരനായി മാറിയ അദ്ദേഹം 1953-ൽ 'മലബാറി' മാസികയായി പുനഃപ്രസിദ്ധീകരിച്ചുവന്നു. എട്ടു ലക്കങ്ങൾ മാത്രമായിരുന്നു അതിന്റെ കാലാവധി.

1925-ൽ ചേന്ദമംഗല്ലൂർ സ്വദേശി കെ. മുഹമ്മദിന്റെ നേതൃത്വത്തിൽ കോഴിക്കോട്ടുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന *യുവലോകം* മാസിക പ്രസിദ്ധപ്പെടുത്തിയിരുന്നു. 1926-ൽ ആ പത്രം കെ.സി കോമുക്കുട്ടി മൗലവി ഏറ്റെടുത്തു. അദ്ദേഹം *യുവലോകം* വാരികയായി ഒമ്പത് വർഷം നടത്തി. കുറേ നടക്കും; പിന്നീട് നിർത്തി വീണ്ടും പ്രസിദ്ധീകരിക്കും. ഇതായിരുന്നു അതിന്റെ അവസ്ഥ. ഇതോടൊപ്പം കോഴിക്കോട്ടും പുളിക്കലും *യുവലോകം* ബുക്സ്റ്റാളും മൗലവി നടത്തിയിരുന്നു. 1948 വരെ *യുവലോകം* ജീവിച്ചുവെന്നു പറയാം.

1927-ൽ പ്രസിദ്ധ മുസ്‌ലിം സാഹിത്യകാരനും വക്കം മൗലവിയുടെ ശിഷ്യനുമായിരുന്ന എം. അഹ്മദ് കണ്ണ് *മുസ്‌ലിം മിത്രം* മാസിക പ്രസിദ്ധപ്പെടുത്തി. മേത്തരം ലേഖനങ്ങളുണ്ടായിരുന്ന ആ ഉത്തമ മാസിക ഒരു വർഷം മാത്രമാണ് തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരിക്കപ്പെട്ടത്.

1929-ൽ മലബാർ മുസ്‌ലിംലീഗ് നേതാക്കളിലൊരാളായിരുന്ന ഒ.

മാഹിനലി സാഹിബും എൻ. മൊയ്തുവും തലശ്ശേരിയിൽനിന്ന് *യുവജനമിത്രം* മാസിക ആരംഭിച്ചു. നാലു ലക്കം മാത്രം പുറത്തിറങ്ങി. 1934 ജൂലൈയിൽ ഇവരിരുവരും ചേർന്നിറക്കിയ *യുവകേസരി* മാസികയും നാലോ അഞ്ചോ ലക്കത്തിലധികം മുന്നോട്ടു പോയില്ല. മാഹിനലി സാഹിബ് പിൻവാങ്ങാനൊരുക്കമുണ്ടായിരുന്നില്ല. 1945-ൽ സർവേന്ത്യാ മുസ്‌ലിംലീഗിന്റെ ആശയപ്രചാരണത്തിനായി *മുജാഹിദ്* മാസിക ആരംഭിച്ചു. പക്ഷേ, സമുദായത്തിന്റെ പ്രതികരണത്തിൽ സാരമായ മാറ്റമൊന്നുമില്ലാത്തതു കാരണം അദ്ദേഹത്തിന് പരാജയം സമ്മതിക്കേണ്ടി വന്നു.

1930-ൽ കോഴിക്കോട്ടുനിന്ന് ഇമ്പിച്ചി മുഹമ്മദിന്റെ പത്രാധിപത്യത്തിൽ *മുസ്‌ലിം സഹകാരി* എന്ന പേരിൽ ഒരു മാസിക നടത്തിയിരുന്നു. അതിന്റെ ചില ലക്കങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. ഇതേപേരിൽ തന്നെ മറ്റൊരു മാസിക കൊടുങ്ങല്ലൂരിൽനിന്നും എറണാകുളത്തുനിന്നുമായി പി.എം ഇസ്മാഈലിന്റെ പത്രാധിപത്യത്തിലും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഒരു വർഷത്തിനു ശേഷം അത് നിലച്ചുപോയി.

1930-ൽ (ഹി. 1350) ആലപ്പുഴയിൽനിന്ന് കോട്ടയം സ്വദേശിയായിരുന്ന പി.എം അബ്ദുൽഖാദിർ മൗലവിയുടെ പത്രാധിപത്യത്തിൽ ഇസ്‌ലാംമത പ്രചാരണമാസികയായ *ഇശാഅത്ത്* പ്രസിദ്ധീകരിച്ചുതുടങ്ങി. മലേഷ്യ, സിലോൺ തുടങ്ങിയ വിദൂരദേശങ്ങളിൽപോലും *ഇശാഅത്തിന്* നല്ല പ്രചാരം കിട്ടി. മലയാള ഭാഷയിൽ ആദ്യമായി മൗലാനാ മൗദൂദിയുടെ ലേഖനം വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചത് *ഇശാഅത്തിലായിരുന്നു*. അബ്ദുൽഖാദിർ മൗലവി മുൻകൈയെടുത്ത് സ്ഥാപിച്ച കേരള മുസ്‌ലിം ഇശാഅത്ത് സംഘത്തിന്റെ ജിഹ്വയായ *ഇശാഅത്തിന്* തിരുകൊച്ചിക്ക് പുറമെ മലബാറിലും നല്ല പ്രചാരം ലഭിച്ചു. ഏഴുവർഷം ആ മാസിക നല്ല നിലയിൽ നടന്നു. *ഇശാഅത്ത്* നബിദിന വിശേഷാൽ പ്രതികൾ ആറെണ്ണം പ്രസിദ്ധീകരിച്ചു. ഇംഗ്ലീഷ്, ഉർദുഭാഷകളിലെ പഠനാർഹങ്ങളായ ലേഖനങ്ങളുടെ പരിഭാഷ *ഇശാഅത്തിൽ* പ്രസിദ്ധീകരിച്ചിരുന്നു.

1930-ൽ തന്നെ കൊച്ചിയിൽനിന്ന് നവമുസ്‌ലിമായിരുന്ന ഡോ. കമാൽപാഷ തയ്യിലിന്റെ പത്രാധിപത്യത്തിൽ *പ്രകാശം* വാരിക പ്രസിദ്ധീകരിച്ചിരുന്നു. വക്കം എം. അബ്ദുൽഖാദിർ സാഹിബായിരുന്നു സഹപത്രാധിപർ. ഒരു വർഷം *പ്രകാശം* അണയാതെ നിലനിന്നു.

1930-'31 വർഷങ്ങളിൽ തിരുവനന്തപുരം ചവറയിൽനിന്ന് പി.എ മുഹമ്മദ് കുഞ്ഞു *മുസ്‌ലിം ലോകം* എന്ന പേരിൽ ഒരു മാസിക നടത്തി. നാലു മാസം കഴിഞ്ഞ് അത് മുടങ്ങിയപ്പോൾ പിന്നീട് അദ്ദേഹം *ജാമിഅ* ദ്വൈവാരികയും തുടങ്ങി. അതിനും അൽപായുസ്സേ ഉണ്ടായുള്ളൂ. 1933-ൽ കോഴിക്കോട്ടുനിന്ന് എം.സി.സി ഹസൻ മൗലവിയുടെ പത്രാധിപത്യത്തിൽ *മാർഗദർശകൻ* മാസിക ആറു മാസക്കാലം പ്രസിദ്ധീകരിച്ചു.

1935 മുതൽ മലപ്പുറത്തുനിന്ന് അധ്യാപകരുടെ വിജ്ഞാനാഭിവൃദ്ധിയെ ഉന്നംവെച്ച് മുസ്‌ലിം ട്രെയ്നിംഗ് സ്കൂൾ ത്രൈമാസിക പുറത്തിറക്കി. സി.ഒ.ടി കുഞ്ഞിപ്പക്കി, കെ. മുഹമ്മദ്, പി.എൻ മുഹമ്മദ് മൗലവി, ടി. ഉബൈദ് എന്നിവർ പത്രാധിപസമിതി അംഗങ്ങളായിരുന്നു. 1940-നുശേഷം മുസ്‌ലിം ട്രെയ്നിംഗ് സ്കൂൾ മാസിക കൊല്ലം പ്രതി ഓരോന്നു മാത്രമേ പുറപ്പെട്ടിരുന്നുള്ളൂ. പിന്നീട് അത് നിലക്കുകയും ചെയ്തു.

1934-ൽ കോഴിക്കോട്ടുനിന്ന് സി.എ കോയയുടെ പത്രാധിപത്യത്തിൽ ഏതാനും മാസങ്ങളോളം *പുഞ്ചിരി* എന്ന വിനോദമാസിക നടത്തിവന്നു. *മിത്രം* എന്ന പേരിൽ എ.എം ബാവ തിരുവനന്തപുരത്തുനിന്നും എ. മാലിക് മുഹമ്മദ് കൊല്ലത്തുനിന്നും ഓരോ വാരിക നടത്തിയിരുന്നു.

1937-ൽ കൊച്ചിയിൽനിന്ന് സൈനുദ്ദീൻ നൈനയുടെയും വൈക്കം മുഹമ്മദ് ബശീറിന്റെയും പത്രാധിപത്യത്തിൽ *ഉജ്ജീവനം* വാരിക ഒമ്പത് ലക്കങ്ങൾ പുറത്തിറങ്ങി. (സൈനുദ്ദീൻ നൈനാസാഹിബ് മാധ്യമം പത്രത്തിൽ ജോലി ചെയ്യുന്ന ജമാൽ കൊച്ചങ്ങാടിയുടെ പിതാവാണ്).

1939-ൽ പി. മുഹമ്മദ് സ്വാലിഹ് മൗലവി സാഹിബ്(വളപട്ടണം) പുലരി മാസിക ആരംഭിച്ചു. സാമ്പത്തികക്ലേശം മൂലം പുലരിയുടെ മൂന്നു ലക്കങ്ങൾ മാത്രമാണ് മുദ്രണം ചെയ്യപ്പെട്ടത്.

1930-31 വർഷങ്ങളിൽ വക്കം എം. മുഹമ്മദ് അബ്ദുൽഖാദിർ മൗലവി *ദീപിക* എന്ന കനത്ത മത-സാമൂഹിക-സാംസ്കാരിക മാസിക ആരംഭിച്ചു. വക്കത്ത് അദ്ദേഹം സ്ഥാപിച്ചിരുന്ന ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസിന്റെ ആഭിമുഖ്യത്തിലാണ് ആ മാസിക നടത്തിയിരുന്നത്. ഭാഷയിൽ വിശുദ്ധ ഖുർആൻ അർഥ വ്യാഖ്യാനം ആരംഭിച്ച ഒന്നാമത്തെ മലയാള വൈജ്ഞാനിക മാസികയായിരുന്നു *ദീപിക.* ഒരു വർഷം മാത്രമേ അതിനും ആയുസ്സുണ്ടായുള്ളൂ. 1991 ഡിസംബറിൽ *ദീപിക* ഒറ്റ വാള്യമായി വക്കം മൗലവി സ്മാരക ഫൗണ്ടേഷൻ ഭാരവാഹികൾ തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

മലബാറിലെ ഡി.ഇ.ഒയും പ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു കെ. മുഹമ്മദ് സാഹിബ്. ഇംഗ്ലണ്ടിൽ പോയി ഉപരിവിദ്യാഭ്യാസം നേടിയ ആളും ഇംഗ്ലീഷുകാരുടെ മിത്രവുമായിരുന്നു. 'മുസ്‌ലിംകൾ എങ്ങോട്ട്' എന്ന ഗ്രന്ഥം അദ്ദേഹം എഴുതിയതാണ്. മാപ്പിള പ്രൈമറി-യു.പി സ്കൂളുകളുടെ പുരോഗതിക്കായി പല കാര്യങ്ങളും ചെയ്തിട്ടുണ്ട്. മാപ്പിള മാനേജർമാരെയെല്ലാം നിർബന്ധമായി വരിക്കാരാക്കി ഒരു വിജ്ഞാന മാസിക പ്രസിദ്ധീകരിക്കാൻ അദ്ദേഹം 1940-നൊടുവിൽ തീരുമാനിച്ചു. അങ്ങനെയാണ്

*മാപ്പിളറിവ്യൂ* മാസിക പുറത്തിറങ്ങിയത്. പത്രാധിപരായി നിയമിച്ചത് സ്വസഹോദരനും *പൗരശക്തി* ദിനപത്രം എഡിറ്ററുമായിരുന്ന കെ. അബൂബക്കറിനെയാണ്. മതം, ചരിത്രം, സാമൂഹിക സാംസ്കാരികപ്രശ്നങ്ങൾ, ശാസ്ത്രം, കാവ്യം മുതലായ വിഷയങ്ങളും ചെറുകഥയും കെ. മുഹമ്മദ് ഇംഗ്ലണ്ടിൽ നിന്നയച്ച കത്തുകൾ മുതലായവയും *മാപ്പിള റിവ്യൂ*വിൽ പ്രസിദ്ധീകരിച്ചിരുന്നു. 1941 മെയ് മാസത്തിൽ ഒന്നാം ലക്കം പുറത്തിറങ്ങി. കനപ്പെട്ട ആ സാഹിത്യമാസികക്ക് മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ എഴുതിയ ആശംസ താഴെ:

''നിങ്ങൾ സ്നേഹപൂർവം അയച്ചു തന്ന മാപ്പിള റിവ്യൂ എന്ന മാസികയുടെ എല്ലാ ലക്കങ്ങളും വന്നുചേർന്നു. ഞാൻ അവ സശ്രദ്ധം വായിച്ച് ആനന്ദിച്ചു. ലോകത്തിന്റെ അഭ്യുദയത്തിനും സംസ്കാരത്തിനും ഇസ്‌ലാം മതം ചെയ്തിട്ടുള്ള സഹായം ഏറ്റവും ഉജ്ജ്വലമാണ്. ഹൈന്ദവസംസ്കാരത്തിന്റെയും മുഹമ്മദീയ സംസ്കാരത്തിന്റെയും സമീചീനമായ സമ്മേളനം നിമിത്തം നമ്മുടെ ജന്മഭൂമിയായ ഇന്ത്യക്ക് സിദ്ധിച്ചിട്ടുള്ള ഉൽക്കർഷവും അത്യന്തം മഹനീയമാണ്. ഇസ്‌ലാമിന്റെ യഥാർഥമായ സന്ദേശമെന്തെന്ന് കേരളീയരെ ഉദ്ബോധിപ്പിക്കുവാനും തദ്വാരാ കേരളത്തിൽ അധിവസിക്കുന്ന വിവിധ സമുദായങ്ങൾക്ക് തമ്മിൽ സാഹോദര്യം വർധിപ്പിക്കുവാനുമാണ് നിങ്ങൾ മാസിക മുഖേന ഉദ്ദേശിക്കുന്നത് എന്നു കാണുന്നതിൽ ഞാൻ നിങ്ങളെ ഉള്ളഴിഞ്ഞു അഭിനന്ദിച്ചുകൊള്ളുന്നു. സർ സയ്യിദ് അഹ്മദ്ഖാൻ ഒരവസരത്തിൽ പ്രസ്താവിച്ചതുപോലെ ഹിന്ദുമതവും ഇസ്‌ലാമും ഭാരതത്തിന്റെ രണ്ട് നേത്രങ്ങളാകുന്നു. അവയുടെ അനുയായികൾക്ക് ആ തത്വം എല്ലാ കാലത്തും ഓർമയുണ്ടായിരിക്കണം. സംസ്കൃതസാഹിത്യത്തിന്റെ പരിപോഷകന്മാരായി പണ്ട് ഭാരതത്തിൽ പല മഹാനുഭാവന്മാരായ മുഹമ്മദീയ രാജാക്കന്മാർ ജീവിച്ചിരുന്നു. വിക്രമാദിത്യ-കാളിദാസന്മാരെപ്പോലെ ഒരു അക്ബർ കാളിദാസനുമുണ്ടായിരുന്നു. ഇഖ്ബാൽ ടാഗോറിനെപ്പോലെ തന്നെ ഭാരതീയർ ബഹുമാനിക്കേണ്ട ഒരു മഹാകവിയായിരുന്നു. ഈ വക തത്വങ്ങൾ വിശദീകരിച്ച് ഭാരതത്തിൽ പൂർവാധികം ഐകമത്യത്തിനു പ്രേരകമായി, മാപ്പിളമാരുടെ ഇടയിൽ ഭാഷാസാഹിത്യാഭിരുചി ഉത്തരോത്തരം വർധിപ്പിച്ച്, നിങ്ങളുടെ റിവ്യൂ വിജയിക്കട്ടെ എന്നുള്ള പ്രാർഥനയോടു കൂടി തൽക്കാലം വിരമിക്കുന്നു.''

വക്കം മൗലവിയുടെ നാലാമത്തെ പുത്രനും പ്രസിദ്ധസാഹിത്യകാരനുമായിരുന്ന എം. അബ്ദുൽഖാദിർ രണ്ടു വർഷത്തോളം *മാപ്പിള റവ്യൂ*വിന്റെ പത്രാധിപരായി സേവനം ചെയ്തിരുന്നു. അഞ്ചാം വർഷത്തിൽ ഒമ്പതു ലക്കങ്ങൾ പുറത്തിറക്കി. 1946-ൽ *റവ്യൂ* നിർത്തി.

1942 മെയ് മാസത്തിൽ പുന്നയൂർക്കുളം എൻ. ബാപ്പു മാനേജിംഗ് എഡിറ്ററും പ്രസിദ്ധകവിയും സാഹിത്യകാരനുമായിരുന്ന വി. ബാപ്പു ജോയിന്റ് എഡിറ്ററുമായി *മിത്രം* മാസിക മലപ്പുറത്തുനിന്ന് രണ്ടു വർഷം നടത്തി. 1945-ൽ തന്നെ വി. ബാപ്പുസാഹിബിന്റെ പത്രാധിപത്യത്തിൽ തൃശൂരിൽനിന്ന് *പൗരകാഹളം* രാഷ്ട്രീയവാരിക പുറത്തുവന്നു. മുസ്‌ലിംലീഗിന്റെ രാഷ്ട്രീയാദർശത്തോട് പ്രതിബദ്ധത പുലർത്തിയിരുന്ന *പൗരകാഹളധ്വനി* ദീർഘകാലം നിലനിന്നില്ല.

1944-ൽ എറണാകുളത്തുനിന്ന് പി.എ നൈനാൻ കുട്ടി മുജാഹിദ് എന്ന പേരിൽ ഈടുറ്റൊരു വാരിക നടത്തിവന്നു. ഏകദേശം ആറുമാസം.

*സ്വരാജ്* എന്ന പേരിൽ ആലപ്പുഴയിൽനിന്ന് പി.കെ കുഞ്ഞുസാഹിബ് എഡിറ്ററായി ഒരു രാഷ്ട്രീയ വാരിക കുറേകാലം നടന്നു. 1945-ൽ കായംകുളത്തുനിന്ന് പി.കെ കുഞ്ഞുസാഹിബിന്റെ സഹായസഹകരണത്തോടെയാണ് *മലയാളവൃത്താന്ത*വാരിക പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്. അതിന്റെ പത്രാധിപർ ടി.കെ മുഹമ്മദ് കുഞ്ഞുലബ്ബയായിരുന്നു.

1943 മുതൽ കോഴിക്കോട്ടുനിന്ന് കെ. അബൂബക്കർ പത്രാധിപരായി പൗരശക്തി ദിനപത്രം കുറേ വർഷം നടന്നു. കൊയപ്പത്തൊടി അഹ്മദ് കുട്ടിഹാജി 1948 വരെ പൗരശക്തിക്ക് കനത്ത സാമ്പത്തിക സഹായം ചെയ്തിരുന്നു. ഹാജിസാഹിബിന്റെ ദേഹവിയോഗാനന്തരം *പൗരശക്തി* ദിനപത്രം നിർത്താൻ പത്രാധിപർ നിർബന്ധിതരായി.

1945-ൽ പ്രശസ്ത ചരിത്രകാരനായിരുന്ന പി.എ സെയ്തുമുഹമ്മദ് സി.കെ അബൂബക്കറുമായി ചേർന്ന് *യുവകേരളം* വാരിക പ്രസിദ്ധീകരിച്ചു. അഞ്ചോ ആറോ വർഷം നടന്നു. പത്തുവർഷം കഴിഞ്ഞ് 1955-56-ൽ സെയ്തുമുഹമ്മദ് തന്നെ 'സർഗം ഡൈജസ്റ്റ്' മാസിക ഒരു വർഷം നടത്തി.

1946-ൽ പുന്നയൂർ കുഞ്ഞാലിക്കുട്ടി *ആസാദ്* എന്ന പേരിൽ ഒരു ദേശീയ മാസിക നടത്തിയിരുന്നു. മൂന്നുവർഷത്തിനുശേഷം അതും നിന്നു.

ഇടവാ സി.എം പ്രസ്സിൽനിന്ന് സി.എസ് അബ്ദുൽഅസീസ് 1946 ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാനപ്രദമായ മാസികയായിരുന്നു. *യുവകേസരി.* അതിലാണ് ഖുർആൻ വാക്യങ്ങളും ഹദീസും അറബി മൂലത്തിൽ ഒന്നാമതായി അച്ചടിച്ചു തുടങ്ങിയത്. 1951 വരെ ഈ മാസിക മുടങ്ങാതെ നടന്നു.

1946-ൽ അതേ പ്രസ്സിൽനിന്നു തന്നെ തിരുവല്ലയിലെ എം. ഹലീമാ ബീവി *മുസ്‌ലിം വനിതാ* മാസിക തുടങ്ങി. ആ മാസികയിലും ഖുർആനും ഹദീസും അറബി മൂലത്തോടുകൂടി ചേർത്തിരുന്നു. പിന്നീടാണ് അവർ *വനിത* എന്ന പേരിൽ കുറേ വർഷം തിരുവല്ലയിൽനിന്ന് ഒരു വനിതാ മാസിക നടത്തിയത്. സ്ത്രീകളുടെ ഉദ്ധാരണ കാര്യത്തിൽ

എം. ഹലീമാബീവിയുടെ മുസ്‌ലിം വനിത വഹിച്ച പങ്ക് വിസ്മരിക്കാവതല്ല. അടുത്ത കാലത്താണ് അവർ അന്തരിച്ചത്. 1945-48 വർഷങ്ങളിൽ അവരുടെ പത്രാധിപത്യത്തിൽ *ഭാരതചന്ദ്രിക* വാരിക തിരുവല്ലയിൽനിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്നു. മുസ്‌ലിംലീഗിന്റെ രാഷ്ട്രീയാദർശത്തോട് യോജിക്കുന്ന ഒരു വാരികയായിരുന്നു *ഭാരതചന്ദ്രിക*. വൈക്കം മുഹമ്മദ് ബശീർ ഒന്നര കൊല്ലത്തോളം *ഭാരതചന്ദ്രിക* പത്രത്തിൽ പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ ചില ലേഖനങ്ങളും കഥകളും ആ വാരികയിൽ പ്രകാശിപ്പിച്ചിട്ടുണ്ട്.

1946 മുതൽ ഏതാനും വർഷം വി.കെ കുട്ടി, കെ.എ മുഹമ്മദ് എന്നിവരുടെ പത്രാധിപത്യത്തിൽ എറണാകുളത്തുനിന്ന് *കൊച്ചി മെയിൽ* ദിനപത്രം പ്രസിദ്ധീകരിച്ചിരുന്നു. ആറു മാസക്കാലം ഇ.കെ മൗലവിയും *കൊച്ചി മെയിലി*ന്റെ എഡിറ്ററായിട്ടുണ്ട്. അക്കാലത്തുതന്നെയാണ് കൊല്ലത്തുനിന്ന് വ്യവസായപ്രമുഖനായ തങ്ങൾകുഞ്ഞു മുസ്‌ലിയാർ *പ്രഭാതം* ദിനപത്രവും *പ്രഭാതം* വാരികയും പ്രസിദ്ധീകരിച്ചിരുന്നത്. എ.എ റഹീം, എ. മുഹമ്മദ് കണ്ണ്, വക്കം എം അബ്ദുൽഖാദിർ എന്നിവർ പ്രഭാതം പത്രാധിപസമിതിയിൽ പ്രവർത്തിച്ചിട്ടുണ്ട്.

മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന്റെ മാതുലനായ എ.ഐ ഖാലിദ് പത്രാധിപരായി 1946 മുതൽ *അമീൻ* വാരിക തൃശൂരിൽ നിന്നാരംഭിച്ചു. കോൺഗ്രസ് ആഭിമുഖ്യം പുലർത്തിയിരുന്ന *അമീന്റെ* നടത്തിപ്പിൽ ഇ. മൊയ്തുമൗലവി വലിയ പങ്കുവഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പുത്രൻ എം. റശീദ് പത്രപ്രവർത്തനത്തിലേക്ക് ആകൃഷ്ടനായത് *അമീൻ* വഴിയാണ്.

1948-ൽ തൃശൂരിൽനിന്ന് കെ.കെ അബു പത്രാധിപരും കെ.പി മൊയ്തീൻകുട്ടി പബ്ലിഷറുമായി സോഷ്യലിസ്റ്റു പത്രമായി *കേരളപ്രഭ* വാരിക പ്രസിദ്ധീകരിച്ചു വന്നു. ഒന്നര വർഷം നടന്നു.

1949-ൽ ഇടവാ സി.എം പ്രസ്സിൽനിന്ന് *ഹിലാൽ* മാസിക പ്രസിദ്ധീകരിച്ചു. ഇ.എം.എസ്സിന്റെ ആദ്യമന്ത്രിസഭയിൽ അംഗമായിരുന്ന ടി.എ മജീദ് എഡിറ്ററായിരുന്ന പത്രം ഏഴും എട്ടും ലക്കങ്ങൾ ഒന്നിച്ചിറക്കി അസ്തമിച്ചു.

1950 നവംബറിൽ എലത്തൂർ സ്വദേശിയായിരുന്ന എൻ. അഹ്മദ് ഹാജി *ഹിദായത്തുൽ മുഅ്മിനീൻ* മലയാളമാസിക തുടങ്ങി. സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ തീവ്രത പത്രം നിലനിർത്തി. രണ്ടു വർഷത്തിനുശേഷം തിരോഭവിച്ചു.

1950, 1954, 1957 വർഷങ്ങളിൽ കൊടുങ്ങല്ലൂർ സ്വദേശിയും ജമാഅത്തെ ഇസ്‌ലാമി അനുഭാവിയുമായിരുന്ന കുഞ്ഞുമുഹമ്മദ് ആഫ്താബ് *അൽജിഹാദ്, കാഹളം, മുസ്‌ലിം* എന്നീ പേരുകളിൽ മൂന്നു മാസിക നടത്തി. മൂന്നും അൽപായുസ്സുക്കളായിരുന്നു.

സി.എൻ അഹ്മദ് മൗലവി 1951-ൽ കരുവാരക്കുണ്ടിൽനിന്ന് *അൻസാരി* മാസിക ആരംഭിച്ചു. രണ്ടാം വാല്യം രണ്ടാം ലക്കം വരെ പ്രസിദ്ധീകരിച്ചു. 1955-ൽ *അൻസാരി* അബ്ദുൽമജീദ് മരക്കാർ സാഹിബ് പബ്ലിഷറായി ഒരു വർഷം പെരുമ്പാവൂരിൽ *ന്യൂഅൻസാരി* എന്ന പേരിൽ പ്രസിദ്ധീകരണം തുടർന്നു. പിന്നീട് എം. ഹലീമാബീവിയുടെ ഭർത്താവും വക്കം മൗലവിയുടെ ശിഷ്യനുമായിരുന്ന മൗലവി മുഹമ്മദ് പിള്ള പെരുമ്പാവൂർ അൻസാരിയുടെ പത്രാധിപരായി. ഏഴു വർഷം *അൻസാരി* കേരള മുസ്‌ലിംകളുടെ വിജ്ഞാന സാംസ്കാരിക കലവറയായി നിലനിന്നു.

1952-ൽ കോഴിക്കോട്ടുനിന്നു പരേതനായ വളപട്ടണം പി. അബ്ദുല്ല *ചിന്തകൻ* മാസിക നടത്തി. സുന്നി, മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി, അഹ്മദികൾ മുതലായ ചിന്താ പ്രസ്ഥാനക്കാർക്കെല്ലാം തങ്ങളുടെ ആദർശം *ചിന്തകനി*ലൂടെ പ്രകാശിപ്പിക്കാനാകുമായിരുന്നു. ഏഴു വർഷങ്ങൾക്കു ശേഷം 1959-ലാണ് അത് മുടങ്ങിയത്.

1953-ൽ പൊന്നാനിയിൽനിന്ന് വി.കെ.എം മൗലവി *ഹിക്മത്ത്* എന്ന പേരിൽ ആരംഭിച്ച മാസിക രണ്ടു വർഷം നടന്നു. 1984-ൽ സമസ്ത പിളർന്നപ്പോൾ ഇ.കെ വിഭാഗത്തിൽപെട്ട നാട്ടിക വി. മൂസ മൗലവിയും *ഹിക്മത്ത്* എന്ന പേരിൽ കുറച്ചുകാലം ഒരു മാസിക നടത്തിയിരുന്നു.

1954 മുതൽ അഞ്ചുവർഷക്കാലം നടന്ന ആനുകാലികമാണ് മലയാള ഫാർമസിയുടെ പ്രമുഖവൈദ്യനായിരുന്ന എം.വി മുഹമ്മദ് എഡിറ്ററായിരുന്ന *ആരോഗ്യബന്ധു* മാസിക. എം.വിയുടെ ഔഷധച്ചെടികളെ സംബന്ധിച്ച ഗവേഷണപഠനം ആ മാസികയിൽ ഉണ്ടായിരുന്നു.

ഇതേ വർഷം പി.എം. സ്വാദിഖ് മൗല(വെട്ടത്തൂർ)യുടെ പത്രാധിപത്യത്തിൽ തുടങ്ങിയ *അൽ ഫാറൂഖ്* മാസിക എട്ടുവർഷം നല്ല നിലയിൽ നടന്നു. ആദ്യകാലത്ത് ജമാഅത്തെ ഇസ്‌ലാമി ആശയാനുകൂലമായിരുന്നു *അൽ ഫാറൂഖ്*. ആ മാസിക പ്രസിദ്ധീകരണം നിന്നതിനുശേഷം മൗലവി കോൺഗ്രസ്സനുകൂലിയായി. അക്കാലത്ത് അദ്ദേഹം *പ്രധാനം* എന്ന പേരിൽ ഒരു രാഷ്ട്രീയമാസിക ഒരു വർഷം നടത്തി.

1955-ൽ കേരള മുസ്‌ലിം ജമാഅത്ത് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ *ജമാഅത്ത് ടൈംസ്* പ്രസിദ്ധീകൃതമായി. പത്രാധിപർ പ്രഗത്ഭമതിയായ കെ.എച്ച് സുലൈമാൻ ആയിരുന്നു. ഒരു വർഷമായിരുന്നു അതിന്റെ കാലാവധി. പറവണ്ണ കെ.പി.എ മൊയ്തീൻ കുട്ടി മൗലവിയുടെ രണ്ടുവർഷം നടന്ന *നൂറുൽ ഇസ്‌ലാമും* കോട്ടയം കാഞ്ഞിരപ്പള്ളി *നൂറുൽ ഹുദാ* അറബിക്കോളേജിൽനിന്ന് ഒരു വർഷം നടന്ന *നൂറുൽ ഹുദാ* മാസികയും ഇതേ വർഷമാണ് ആരംഭിച്ചത്. കണിയാപു

രത്തുനിന്ന് മുഹമ്മദ് ഖാസിമിന്റെ പത്രാധിപത്യത്തിൽ 55-ൽ തന്നെ തുടങ്ങിയ *ഇസ്‌ലാമിക് കൾച്ചർ* മലയാള മാസിക അഞ്ചുലക്കങ്ങൾ പ്രസിദ്ധീകരിച്ചു. കൊടുങ്ങല്ലൂരിലെ അഴീക്കോട് ഇർശാദ് അറബിക്കോളേജിൽനിന്ന് *ഇർശാദ്* മാസിക ഏഴു വർഷം നല്ലനിലയിൽ നടന്നു. എടപ്പാൾ സ്വദേശിയും ബാഖവി ബിരുദധാരിയുമായിരുന്ന അബ്ദുല്ല മൗലവിയായിരുന്നു പത്രാധിപർ.

പൊന്നാനിയിൽനിന്ന് *ദീൻ ദുൻയാ* എന്ന പേരിൽ മൗലവി അബ്ദുർറഹ്മാൻ മഖ്ദൂമി ആറു മാസം ഒരു മാസിക നടത്തി.

1955-ൽ തന്നെയാണ് പി.പി ഉമർകോയയുടെ നേതൃത്വത്തിൽ *ഭാരതഭൂമി* വാരിക നടന്നത്. പബ്ലിഷറും പ്രധാനലേഖകനും ഇ. മൊയ്തുമൗലവിയായിരുന്നു.

1956-ൽ ടി.കെ അബ്ദുല്ല മൗലവി എഡിറ്ററായി *അൽ ബയാൻ* മലയാളമാസിക പരപ്പനങ്ങാടിയിൽനിന്നു തുടങ്ങി. സമസ്തയുടെ ജിഹ്വയെന്ന വണ്ണം ഇറങ്ങിയ *അൽ ബയാൻ* ഏഴുവർഷം പിടിച്ചുനിന്നു.

എന്നാൽ ഇതേ വർഷം എസ്.എം മുഹമ്മദ് ഹനീഫ തിരുവനന്തപുരത്തുനിന്ന് തുടങ്ങിയിരുന്ന *അൽ അമീൻ* വാരികയും, പി.എം.എ തങ്ങൾ കൽപറ്റയിൽ നിന്നാരംഭിച്ച *യുവാവ്* മാസികയും മൂന്നു മാസത്തിലധികം നിലനിന്നില്ല.

1958 ഒക്ടബോറിൽ പുറത്തിറങ്ങിയ എൻ.വി അബ്ദുസ്സലാം മൗലവിയുടെ പത്രാധിപത്യത്തിലുള്ള *മിശ്ക്കാത്തുൽഹുദാ* മലയാളമാസിക ഒരു വർഷം പിടിച്ചുനിന്നു. '58 സെപ്റ്റംബറിൽ മുസ്‌ലിം ലീഗ് നേതാവും ഉൽപതിഷ്ണുവുമായിരുന്ന ഒ.കെ മുഹമ്മദ് കുഞ്ഞു കണ്ണൂർ സിറ്റിയിൽനിന്ന് *നവപ്രഭ* മാസിക നടത്തി. ഒരു വർഷം നിലനിന്നു.

1958-ൽ എ.എം ശുകൂർ സാഹിബിന്റെ പത്രാധിപത്യത്തിൽ ആലപ്പുഴയിൽ നിന്നിറങ്ങിയിരുന്ന *സന്ദേശം* മാസികയും തിരുവനന്തപുരം കരമനയിൽനിന്ന് 1978-ൽ എം.എ റസാഖിന്റെ പത്രാധിപത്യത്തിൽ ആരംഭിച്ച *ഇസ്‌ലാമിക സന്ദേശം* മാസികയും അധികകാലം നിലനിന്നില്ല.

1950-നു ശേഷം മുന്നൂ തവണയായി വക്കം എം. അബ്ദുൽഖാദിർ *വിജ്ഞാനം, സുബോധിനി, തൂലിക* എന്നീ മൂന്നു വിജ്ഞാന മാസികകൾ പറവൂരിൽനിന്നും കൊല്ലത്തുനിന്നുമായി നടത്തി. അവയിൽ ഒന്നുപോലും അഞ്ചുലക്കങ്ങളിൽ കൂടുതൽ ഇറങ്ങിയില്ല. ആ പണ്ഡിതനു നേരിട്ട സാമ്പത്തിക വിഷമതയാണ് ആ മൂന്നു മാസികകളും അകാലനിര്യാണമടയാൻ നിമിത്തമായത്.

കെ.പി മുഹമ്മദ് ബിൻ അഹ്മദ് മൗലവി 1962-ൽ തുടങ്ങിയ *അൽ ബുശ്റാ* അറബിമാസിക ഏഴു വർഷം സ്തുത്യർഹമായ നിലയിൽ നടന്നു.

1963 മുതൽ പി.പി കമ്മു മലപ്പുറത്തുനിന്ന് *മാപ്പിളനാട്* എന്ന പേരിൽ ഒരു പത്രം വാരികയായും മാസികയായും പത്തു വർഷത്തോളം നടത്തി. 1965-ൽ മൗലവി മുഹമ്മദ് സലീം ഫദ്ഫരി ഖാസിമി മലപ്പുറത്തുനിന്ന് *അൽ ജിഹാദ്* മാസിക ഒരുവർഷം നടത്തി. മുസ്‌ലിംലീഗനുകൂലമായിരുന്ന ആ മാസികയിൽ നല്ല ഇസ്‌ലാമികലേഖനങ്ങളും സാമൂഹിക വിമർശനങ്ങളുമുണ്ടായിരുന്നു.

1971-ൽ *അൽ ജലാൽ* എന്ന പേരിൽ കോഴിക്കോട്ടുനിന്ന് പരേതനായ ഇ.കെ ഹസൻ മുസ്‌ലിയാരുടെയും കെ.എം മമ്മദ് കോയയുടെയും പത്രാധിപത്യത്തിൽ ഒരു മാസിക പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് കെ.എം മമ്മദ്കോയ *സുന്നത്ത്* മാസികയും നടത്തിവരുന്നു.

തിരുവല്ലയിൽനിന്ന് പ്രസിദ്ധ സാമൂഹികപ്രവർത്തകനും ഗ്രന്ഥകാരനുമായിരുന്ന മൗലവി മുഹമ്മദ് അസ്‌ലം പത്രാധിപരായി 1974-ൽ ആരംഭിച്ച *അമീർ* മാസിക പത്തുലക്കം ഇറങ്ങി. ഉമ്മത്തൂർ അറബിക്കോളേജിൽനിന്ന് 1976 മെയിൽ ആരംഭിച്ച *സൗത്തുൽ ഇസ്‌ലാം* മലയാള മാസിക ആറുമാസത്തിലധികം മുന്നോട്ടുപോയില്ല. 1978-ൽ എം. റശീദ്, 'മുഹമ്മദ് അബ്ദുർറഹ്മാൻ' മാസിക തുടങ്ങിയെങ്കിലും ഒരു വർഷമേ നടന്നുള്ളൂ.

1982-ൽ ഡോ. എ. മുബാറക്കിന്റെ പത്രാധിപത്യത്തിൽ കൊട്ടാരക്കരയിൽനിന്ന് *ഹഖീഖത്ത്* മാസിക പ്രസിദ്ധപ്പെടുത്തി. തബ്‌ലീഗ് ജമാഅത്തിന്റെ ആശയത്തിന് ശക്തിയായ പിന്തുണ നൽകിപ്പോന്ന *ഹഖീഖത്ത്* മാസിക ഡോക്ടറുടെ മരണത്തോടെ മുടങ്ങി.

1984 മാർച്ച് മുതൽ കോഴിക്കോട് നിന്നു വി. മുഹമ്മദ് സാഹിബിന്റെ പത്രാധിപത്യത്തിൽ രണ്ടു വർഷത്തോളം *ശാസ്ത്രവിചാരം* ത്രൈമാസിക പ്രസിദ്ധീകരിച്ചിരുന്നു.

1985-ൽ ആലുവക്കടുത്തതെക്കെ വാഴക്കുളത്തെ ജാമിഅ ഹസനിയ്യ അറബിക്കോളേജിൽനിന്ന് പുറപ്പെട്ടിരുന്ന തബ്‌ലീഗ് ജമാഅത്തിനോട് ആഭിമുഖ്യം പുലർത്തുന്ന *ഇംദാദ്* മാസിക പ്രസിദ്ധീകരിച്ചുവന്നു. മുഹമ്മദ് നൂഹ് മുസ്‌ലിയാരായിരുന്നു പത്രാധിപർ. ഇപ്പോൾ അതു നടക്കുന്നില്ല.

കെ.എം കുട്ടിയുടെ *കേരളം, ഫത്ഹുൽ ഇസ്‌ലാം, പാകിസ്താൻ ടൈംസ്, തസ്‌വീർ, പൗരൻ, കേരള പംക്തി, കേരളോദയം, ബിജ്‌ലി, സ്പീക്കർ, മുസ്‌ലിംജനത, ഇസ്‌ലാം ടൈംസ്* മുതലായ വാരികാമാസികകളിൽ പലതും ദീർഘകാലം നിലനിന്നില്ല. അവ മുസ്‌ലിം പത്രപ്രവർത്തനചരിത്രത്തിൽ അനുസ്മരിക്കേണ്ടവയാണ്.

*(ഈ ലേഖനത്തിൽ പത്രാധിപരുടെ പേരു പറയാത്ത പത്രനാമങ്ങൾ 1962-ൽ എറണാകുളത്തുനിന്ന് പി.എ സെയ്തുമുഹമ്മദ് സാഹിബ് പ്രസിദ്ധീകരിച്ച* കേരള മുസ്‌ലിം ജമാഅത്ത് സ്ഥിതിവിവരം *എന്ന ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിച്ചതാണ്).*